പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യംനമ്പർ :303 — 23.06.2014 ൽ മറുപടിക്ക്

# ക്ലീൻക്യാമ്പസ് - സേഫ്ക്യാമ്പസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>„ കെ. അച്ചുതൻ<br>„ ഷാഫി പറമ്പിൽ<br>„ എ.റ്റി. ജോർജ് | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻക്യാമ്പസ് - സേഫ്ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ക്ലീൻ ക്യാംപസ് - സേഫ് ക്യാംപസ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ സംയുക്തമായിട്ടാണ് ഈ പദ്ധതി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്. സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ലഹരി മാഫിയകളെ ഇല്ലാതാക്കുക, വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപഭോഗവും, പ്രചരണവും ഇല്ലാതാക്കുക, ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക, ലഹരി രഹിതവും സുരക്ഷിതവുമായ ക്യാംപസ് അന്തരീക്ഷം സൃഷ്ടിക്കുക അതുവഴി ആരോഗ്യവും, അച്ചടക്കവും, രാജ്യസ്നേഹവും സാമൂഹ്യബോധവുമുള്ള ഒരു പുതുതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് ക്യാമ്പസുകളെ ലഹരിവിമുക്തമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) സംസ്ഥാനത്തെ സ്കൂൾ കോളേജ് ക്യാംപസുകൾ ലഹരി വിമുക്തമാക്കാൻ കർശനമായ നടപടികളാണ് പോലീസ് വകുപ്പ് ഈ |

| | |
|---|---|
| | പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. വിദ്യാലയ പരിസരങ്ങളിലുള്ള കടകളിൽ റെയിഡുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെയും, സ്കൂൾ ജാഗ്രതാ സമിതികളുടെയും സഹായത്തോടെ ലഹരി വസ്തുക്കൾ കണ്ടെത്തുന്നതിനായി വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയും കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചും ഫലപ്രദമായ നടപടികളാണ് പോലീസ് വകുപ്പ് ഈ പദ്ധതികളിലൂടെ നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതിയുമായി സഹകരിക്കുന്ന ത് ആ രൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ